ആയുർവേദ ഒറ്റമൂലി മരുന്നുകൾ, ചികിത്സാരീതികൾ എന്നിവ പരിരക്ഷിക്കാൻ നടപടി

*18 [261] *ശ്രീ. കെ. മുഹമ്മദാലി:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സാരംഗത്ത് അറിയപ്പെടുന്ന ഒറ്റമൂലി മരുന്നുകൾ, മറ്റു ചികിത്സാരീതികൾ എന്നിവ നശിക്കാതെ പരിരക്ഷിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) ഇക്കാര്യങ്ങളിലുള്ള അറിവ് വിദേശികൾ ചോർത്തിക്കൊണ്ട് പോകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ.കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്. ബൗദ്ധിക സ്വത്തവകാശനയം രൂപീകരിക്കുന്നതിനായി നിയമ വകുപ്പിൽ നിയമ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു കോർ കമ്മിറ്റിയും, ആയുർവേദ ചികിത്സാ രംഗത്ത് അറിയപ്പെടുന്ന ഒറ്റമൂലി മരുന്നുകൾ, മറ്റു ചികിത്സാ രീതികൾ എന്നിവ ക്രോഡീകരിച്ച് ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുവാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കേന്ദ്രീകരിച്ച് രൂപവൽക്കരിച്ചിട്ടുള്ള പേറ്റന്റ് സെല്ലിലും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിയമവകുപ്പിൽ ഒരു ഇന്റലക്ച്വൽ പ്രോപ്പർട്ടി ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ അറിവുകൾ ഡിജിറ്റൈസ് ചെയ്ത് അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധം ചെയ്ത് വിദേശികൾ പേറ്റന്റ് എടുക്കാതെ സംരക്ഷിക്കാൻ നടപടികൾ എടുത്തുവരുന്നു.

പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കാൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

*19 [262] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *എം. വി. ജയരാജൻ:*

„ *റ്റി. കെ. ദേവകുമാർ:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് കരുതുന്നുണ്ടോ;

(ബി) പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രക്ഷോഭ സമരങ്ങളെ നേരിടുമ്പോൾ പലപ്പോഴും പോലീസ് അതിക്രമം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങൾ മാതൃകാപരവും കാര്യക്ഷമവും ആണ്.

(ബി) പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന്റെ ഭാഗമായി പൊതു ജനങ്ങളുടെ പരാതിയിൻമേൽ കൃത്യവും സത്യസന്ധവുമായ നടപടി കൈക്കൊള്ളുന്നതിനും സ്ത്രീകളുടെ പരാതികളിൻമേൽ തൽക്ഷണം പരിഹാരം കാണുന്നതിനും അവരോട് മര്യാദയായി പെരുമാറുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതു പ്രവർത്തകരോട് മാന്യമായി പെരുമാറാനും അവരുടെ പരാതികളിൽ നീതിയുക്തമായ നടപടികൾ ഉടൻ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള പോലീസ് ഡയറക്ടർ ജനറൽ ഉൾപ്പെടെയുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോണിൽ പൊതു ജനങ്ങൾക്ക് നേരിട്ട് പരാതികൾ പറയാൻ അവസരം നൽകുന്നതിനായി പ്രസ്തുത ഓഫീസർമാരുടെ മൊബൈൽ ഫോൺ നമ്പരുകൾ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പോലീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാതൃകാപരമാക്കുന്നതിനും വേണ്ടി എല്ലാ സിറ്റി/ജില്ലാ പോലീസ് അധികാരികൾ അദാലത്തുകൾ നടത്തി പരാതികൾ സ്വീകരിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 57 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

അഴിമതി നിരോധനത്തിന്റെ ഭാഗമായി പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ടവരെ അറിയിക്കണമെന്ന് കാണിച്ച് ബോർഡുകൾ എല്ലാ പോലീസ് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവ കൂടാതെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്. സീനിയർ പോലീസ് ഉദ്യോഗസ്ഥൻമാർ പോലീസ് സ്റ്റേഷൻ, മറ്റ് പോലീസ് ഓഫീസുകൾ, കീഴ് ഉദ്യോഗസ്ഥർ എന്നിവരുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രക്ഷോഭ സമരങ്ങളെ നേരിടുമ്പോൾ പോലീസ് അതിക്രമങ്ങൾ നടത്താറില്ല. വളരെ സംയമനത്തോടെ ആവശ്യം വേണ്ട അവസരങ്ങളിൽ മാത്രമാണ് പോലീസ് ബലപ്രയോഗത്തിലൂടെ സമരക്കാരെ നേരിടാറുള്ളത്.

മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡം

*20 [263] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി മൊബൈൽ ഫോൺ ടവറുകൾ യാതൊരു സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ സ്ഥാപിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടവറുകൾ ബഹുനില കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്നതിനു മുൻപ് ആ കെട്ടിടങ്ങൾക്ക് ഈ ടവറുകളെ വഹിക്കാനുള്ള ശേഷി ഉണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പരിശോധിക്കാൻ അധികാരപ്പെട്ട വ്യക്തി എന്ന് വ്യക്തമാക്കുമോ;

(സി) മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിന് വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണോ; മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[20-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *19 (262)-ന്റെ ഉത്തരം ദയവായി കാണുക]

പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന്റെ ഭാഗമായി ടെലിഫോൺ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് 'നമസ്കാരം' എന്ന് അഭിസംബോധന ചെയ്യേണ്ടതും, ഉദ്യോഗസ്ഥന്റെ പേരും, റാങ്കും, പറയുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിക്കാരായി വരുന്ന പൊതുജനങ്ങൾക്ക് ഇരിക്കുന്നതിനുവേണ്ട സൗകര്യവും കുടിക്കുന്നതിന് ശുദ്ധ ജലവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാതികളിൻമേൽ രസീത് നൽകുന്നതിനും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താൽ എഫ്.ഐ.ആർ.-ന്റെ കോപ്പി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തില്ലെങ്കിൽ അതിന്റെ കാരണം പരാതിക്കാരനെ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ കുറ്റകൃത്യം നടന്ന സ്ഥലത്ത് എത്രയുംവേഗം പോലീസെത്തി അനന്തര നടപടികൾ സ്വീകരിക്കണമെന്നും സമൂഹവുമായിട്ടുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി കമ്യൂണിറ്റി പോലീസിംഗ് ഏർപ്പെടുത്തിയും, ബീറ്റ്, നൈറ്റ് പട്രോളിംഗ് എന്നിവ വർദ്ധിപ്പിച്ചും ഉപേക്ഷിക്കപ്പെട്ട സ്ത്രീകളേയും കുട്ടികളേയും പ്രായമായവരേയും സർക്കാർ അഗതിമന്ദിരങ്ങളിൽ എത്തിക്കുന്നതിന് പോലീസ് സഹായം നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസുദ്യോഗസ്ഥർക്ക് സമയബന്ധിതമായി വിവിധ പരിശീലന പരിപാടികൾ നൽകാനും പൊതുജനങ്ങളും പോലീസും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിർത്താൻ വേണ്ടി ചർച്ചാ ക്ളാസുകളും സെമിനാറുകളും നടത്തിവരുന്നു. ഇതുകൂടാതെ കാലാകാലങ്ങളിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മാതൃകാപരമാക്കുന്നതിനും സർക്കുലറുകളും എക്സിക്യൂട്ടീവ് ഡയറക്ടീവുകളും വഴി നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly